"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - 82 താല്ക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.479/2026/TAXES തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:- 1. 02.05.2025-ലെ ജി.ഒ.(ആർടി) നം.429/2025/ടാക്സസ് നമ്പർ ഉത്തരവ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 22.04.2026-ലെ SLTY/4067/2025-E2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന പരിഷ്കരിച്ചതിനെത്തുടർന്ന്, വകുപ്പിലെ ക്ലറിക്കൽ ജോലികൾ അഭൂതപൂർവ്വമായി വർദ്ധിച്ച സാഹചര്യത്തിൽ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ 82 താല്ക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകൾ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ടി തസ്തികകളുടെ കാലാവധി 01.05.2026-ന് അവസാനിക്കുകയാണെന്നും സമ്മാനഘടനയുടെ മാറ്റത്തെത്തുടർന്ന് ഉണ്ടായിട്ടുള്ള അധിക ജോലികൾ മാറ്റമില്ലാതെ തുടരുന്ന സാഹചര്യത്തിൽ വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും സമയബന്ധിതമായി സമ്മാന വിതരണം നടത്തുന്നതിനും ടി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം അത്യന്താപേക്ഷിതമാണെന്നും അതിനാൽ ടി തസ്തികകൾക്ക് ഒരു വർഷംകൂടി തുടർച്ചാനുമതി നല്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ടി താല്ക്കാലിക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ ദിവസവേതന/ കരാർ നിയമനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ താല്ക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിച്ച 82 ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളുടെ കാലാവധി 02.05.2026 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
KABEER C A
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4. ധനകാര്യ വകുപ്പ് (08.06.2026-ലെ 3079260/Exp.B1/142/2025-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/97/2026-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 10-06-2026 12:53:40

സെക്ഷൻ ഓഫീസർ